● **സംഭാഷണം**

**രാഷ്ട്രീയ ഡോക്യുമെന്ററികളെക്കുറിച്ച് ഗവേഷണം ചെയ്യുന്ന സ്പാനിഷുകാരനായ പെപ്പേയുമായി ചേതന ഡയറക്ടർ ഫാ.ബെന്നി ബെനഡിക്ട് നടത്തിയ സംഭാഷണത്തിൽ നിന്ന്. വിബ്ജിയോർ ചലച്ചിത്രോത്സവത്തിൽ പങ്കെടുക്കാൻ തൃശൂരിലെത്തിയ പെപ്പേ പ്ലാച്ചിമട പ്രശ്നത്തെക്കുറിച്ചുള്ള ഡോക്യുമെന്ററിയിൽ പ്രവർത്തിച്ചതിന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.**

# പ്ലാച്ചിമട
# ചലച്ചിത്രാനുഭവം

പെപ്പേ പെറ്റോസ്/ഫാ. ബെന്നി ബെനഡിക്ട്

പ്ലാച്ചിമട കൊക്കകോളയിലെ ഷൂട്ടിങ്ങ് എന്റെ പദ്ധതി ആയിരുന്നില്ല. സംവിധായകക്ക് ( ഇന്ത്യയിൽ ജനിച്ച ഇംഗ്ലണ്ടിൽ പഠനം നടത്തുന്ന ഒരു വിദ്യാർത്ഥിനി) ക്യാമറാമാനുമായി ചില പ്രശ്നങ്ങളുണ്ടായപ്പോൾ ഷൂട്ടിങ്ങ് നടത്തുവാൻ എന്നോട് ആവശ്യപ്പെടുകയാണുണ്ടായത്. എന്റെ പദ്ധതിയിലില്ലാതിരുന്നത് കൊണ്ട് പ്ലാച്ചിമടയെക്കുറിച്ച് എനിക്ക് ശുഷ്കമായ പശ്ചാത്തലവിവരങ്ങൾ മാത്രമേയുണ്ടായിരുന്നുള്ളൂ. കമ്പനി ഇവിടെ എന്തുചെയ്യുകയായിരുന്നുവെന്നോ എന്നൊക്കെ കൊളംബിയായിലെ കൊക്കകോള പ്രശ്നത്തെക്കുറിച്ച് എന്നപോലെ വളരെ സാമാന്യമായ നിലവാരത്തിലേ എനിക്ക് ഇവിടത്തെയും പ്രശ്നങ്ങൾ അറിയാമായിരുന്നുള്ളു.

വ്യക്തിപരമായ എന്റെ രാഷ്ട്രീയ നിലപാട് ഇതാണ്. നിരുത്തരവാദപരമായ നൈക്ക്, കൊക്കകോള പോലുള്ള എല്ലാ വമ്പൻ ബ്രാൻഡുകൾക്കും മുതലാളിത്തത്തിനും അതിന്റെ സമകാലീന നവോദര അജണ്ടകൾക്കും ഞാൻ എതിരാണ്. ഞാൻ ഒരു ഫിലിം മേക്കറാണ്. ഏതെങ്കിലും രാഷ്ട്രീയപാർട്ടികളുമായി ബന്ധപ്പെട്ടുനിൽക്കുന്നവനോ അവയുടെ പ്ലക്കാർഡ് പിടിക്കുന്നവനോ അല്ല. ഞാൻ ചെയ്യുന്ന അല്പം കാര്യങ്ങൾ വ്യത്യസ്തമായി ചെയ്യുന്നു എന്നാണ് ഞാൻ കരുതുന്നത്. ഒരു പക്ഷേ അതുകൊണ്ടാകാം ഞാൻ ഫിലിംമേക്കറായി അറിയുന്നത്. ലണ്ടനിലും മറ്റുമുള്ള പരിസരത്ത് ചെറിയ കമ്പനികൾ എങ്ങിനെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നുവെന്നും ആളുകളുടെ തൊഴിലും വിഭവങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നും ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. ആഗോള സമ്പദ്വ്യവസ്ഥ എങ്ങിനെയാണ് പ്രവർത്തിക്കുന്നതെന്നതിൽ വിമർശനാത്മക കാഴ്ചപ്പാട് ഞാൻ സൂക്ഷിക്കുന്നുണ്ട്.

കുടുംബപശ്ചാത്തലം കൊണ്ടും വളർത്തപ്പെട്ട സാഹചര്യംകൊണ്ടും ജീവിതത്തിലൂടനീളം രാഷ്ട്രീയപരമായി വിമർശനാത്മക നിലപാടായിരുന്നു ഞാൻ കൈകൊണ്ടിട്ടുള്ളത്. പ്ലാച്ചിമട സംഭവം പോലുള്ള പുതിയ അനുഭവങ്ങൾ എന്റെ വിശ്വാസങ്ങളും കാഴ്ചപ്പാടുകളും ശരിവയ്ക്കുന്നവ തന്നെയായി. ലോകത്തെവിടെയായാലും ജനങ്ങൾ കോർപ്പറേഷനുകൾക്ക് എതിരായിട്ടാണെങ്കിൽ ഞാൻ നിശ്ചയമായും ജനങ്ങളോടൊപ്പം നിൽക്കും. ഈ പശ്ചാത്തലത്തിൽ രാഷ്ട്രീയ ഡോക്യുമെന്ററികളെകുറിച്ച് ഒരു ഗവേഷണ പ്രബന്ധം ചെയ്യുകയാണ് ഞാനിപ്പോൾ.

പ്ലാച്ചിമട സിനിമാ അനുഭവത്തെക്കുറിച്ച് : സംവിധായകയുടെ കാല്പനികതകളും വിഹ്വലതകളും കൊണ്ട് അതൊരു പേടിസ്വപ്നമായിരുന്നു. അവക്ക് വ്യക്തമായ ഒരു പ്രവർത്തനക്രമം ഉണ്ടാവുന്നില്ല. ഷൂട്ടിങ്ങ് കഴിഞ്ഞ് തിരിച്ചെത്തിയത് അവർക്ക് സംവിധായകനുമായി ഉണ്ടായിരുന്ന ബന്ധം വഷളായി.



പ്ലാച്ചിമടയിലെ കൊക്കകോള ഫാക്ടറിയിൽ പ്രവേശിച്ച് സംസാരിക്കാനാരംഭിച്ചപ്പോൾ തന്നെ അവർ പ്രാദേശിക അമചർ ഉന്നയിച്ച എല്ലാ വാദങ്ങളും നിഷേധിക്കാനുള്ള ശ്രമമായിരുന്നു. എന്റെ പദ്ധതിയ

ല്ലാതിരുന്നത് കൊണ്ട് ആളുകളുടെ നിലപാടുകൾ ശരിയാണോയെന്ന് പരിശോധിക്കുവാൻ ഞാൻ വ്യക്തിപരമായി ശ്രമിച്ചിരുന്നില്ല. എങ്കിലും സമരം ഫിലിം ചെയ്യുകയും കമ്പനിയുടെ പുറത്ത് കുത്തിയിരിക്കുന്ന ആളുകളുമായി സംസാരിക്കുവാനും പുറമെ നിന്നെത്തിയ സാമൂഹ്യപ്രവർത്തകനുമായി ഇടപഴകാനും, പ്രദേശവാസികൾക്ക് ലോറിയിൽ വെള്ളം വിതരണം ചെയ്യുന്നത് ഫിലിമിലാക്കാനും, കിണറുകൾ നിരീക്ഷിക്കാനും, ഈ പ്രശ്നത്തിൽ ജനശ്രദ്ധയുണർത്താൻ ശ്രമിക്കുന്ന മേധാ പാട്കറുടേയും മറ്റ് നൂറ്കണക്കിന് ആളുകളുടേയും ഒപ്പം മാർച്ച് ചെയ്യാനും, ഞാൻ ശ്രമിക്കുന്നുണ്ടായിരുന്നു. ഇത് ക്രമേണ എന്നെ ബാധിക്കുകയും, വിവരങ്ങൾ നേടാൻ സഹായിക്കുകയും, എന്റെ പ്രവർത്തനങ്ങൾക്ക് അർത്ഥപൂർണ്ണതയുണ്ടാകുകയും, സദ്പ്രവർത്തനങ്ങളുടെ നേട്ടമുണ്ടാക്കുകയും, എന്നിൽ അഭിമാനമുണ്ടാകുകയും ചെയ്തു.

ഞാൻ അറിഞ്ഞതനുസരിച്ച് കൊക്കകോളക്കാർ ഞങ്ങളെ ഹോട്ടലിൽ പിൻതുടർന്നെത്തുകയും ഞങ്ങളെ ഡൽഹിയിൽ പോകാൻ ക്ഷണിക്കുകയും ചെയ്തു. വിമാനയാത്രയും ഹോട്ടൽ ചിലവും അവർ നൽകുകയും പ്ലാച്ചിമടയുടെ അവസ്ഥയെക്കുറിച്ച് അവരുടെ കാഴ്ചപ്പാട് അവതരിപ്പിക്കുവാൻ കഴിഞ്ഞാൽ മതിയെന്ന് പറഞ്ഞു. കമ്പനിയുടെ നിലപാടുകൾ പറയുകയും കമ്പനിയെ നല്ല നിറത്തിലും വർണ്ണത്തിലും സിനിമയിൽ അവതരിപ്പിക്കപ്പെടണമെന്നതാണ് അവരുടെ ആവശ്യമെന്ന് തോന്നി. സിനിമയുടെ സംവിധായകർ പക്ഷേ ദൽഹിയിൽ പോകുന്നത് നിരസിച്ചു.

പക്ഷേ കമ്പനിയുടെ ഒരു ഡയറക്ടർ യാദൃശ്ചികമായി പ്ലാച്ചിമടയിൽ എത്തിച്ചേരാനിടയായെന്നും അദ്ദേഹത്തെ സന്ദർശിക്കുന്നതിന് വീണ്ടും ഫാക്ടറി സന്ദർശിക്കുന്നതിനും ഞങ്ങൾക്ക് ഒരു ഫോൺ സന്ദേശം ലഭിക്കുകയുണ്ടായി. ഫിലിം സംവിധായകർ ഈ ക്ഷണം സ്വീകരിച്ചു.

ഞങ്ങളുടെ ക്യാമറ കൈയിൽ എടുക്കരുതെന്ന് കമ്പനിക്കാർ ഒരു ഉപാധി വെച്ചിരുന്നത് ഞങ്ങൾ അനുസരിച്ചിരുന്നു. പക്ഷേ ഞങ്ങൾ അവിടെ ചെന്നപ്പോൾ ക്യാമറയുപയോഗിക്കുന്നതിൽ വൈദഗ്ധ്യമുള്ള ക്യാമറാമാന്മാരുമായി ഞങ്ങളുടെ സന്ദർശനം അവർ ഫിലിംചെയ്യുന്നതാണ് കണ്ടത്. ഇതിൽ ഞാൻ പ്രതിഷേധിക്കുകയും ഞങ്ങളുടെ ക്യാമറ അകത്ത് പ്രവേശിപ്പിച്ചില്ലെങ്കിൽ ഞങ്ങളെ ഫിലിംചെയ്യാൻ അവരെ അനുവദിക്കുകയില്ലെന്നും പറഞ്ഞു.

ഇത് അവർ അംഗീകരിക്കുകയും പിന്നീട് അവർ അവരുടെ വസ്തുതകൾ നേരത്തെ തയ്യാറാക്കിയ അവതരണത്തിലൂടെ കാണിച്ചു. ഞാൻ ഓർമ്മിക്കുന്നത് തെറ്റല്ലെങ്കിൽ ഇടതുപക്ഷ ഗവൺമെന്റ് പ്രാദേശികമായ തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് അവരെ ക്ഷണിച്ചുകൊണ്ടു വന്നതാണ് എന്നവർ പറഞ്ഞു. പിന്നെ അവർ പല ശാസ്ത്രജ്ഞന്മാരുടെ വാദങ്ങൾ അവതരിപ്പിച്ചുകൊണ്ട് കൊക്കകോള വിരുദ്ധ സമരക്കാർ പറയുന്നതുപോലെ അവിടെ കമ്പനി മൂലം ജലശോഷണമുണ്ടായിട്ടില്ല എന്നും അവിടെ വെള്ളം കൊണ്ട് (ആര്യോഗ്യ) പ്രശ്നങ്ങൾ ഒന്നും ഉണ്ടായിട്ടില്ല എന്നും സമർത്ഥിക്കുകയായിരുന്നു. അവർ സ്ഥാപിച്ച കിണറുകൾ വളരെ ആഴത്തിൽ നിന്നും തെളിഞ്ഞ വെള്ളമാണ് എടുക്കുന്നതെന്നും അത് പ്രദേശവാസികളുടെ ജലലഭ്യതയെ ബാധിക്കില്ലെന്നും അവരുടെ അവതരണത്തിൽ പറഞ്ഞു. കമ്പനിയുടെ അഞ്ച് കിണറുകൾ 100 മീറ്റർ ആഴത്തിൽ പോകുന്നവയാണെന്നും പ്രദേശവാസികളുടെ കിണറുകൾ 30 മീറ്റർ ആഴത്തിലേ എത്തിയിരുന്നുള്ളൂവെന്നും അവർ പറഞ്ഞതായി ഓർക്കുന്നു.

നടുക്കുന്നതായി തോന്നിയ ഒരു വിവരം ലഭിച്ചത്. ഒരു ലിറ്റർ കൊക്കക്കോളയുണ്ടാക്കാൻ 4 ലിറ്റർ വെള്ളം വേണമെന്ന് അവർ പറഞ്ഞപ്പോഴാണ്.

കമ്പനിക്ക് അകത്ത് പ്രവേശിച്ചപ്പോൾ അകത്തും പുറത്തും കണ്ട കാര്യങ്ങളിലെ വൈദഗ്ദ്യങ്ങൾ എന്നെ ആകർഷിച്ചു. കമ്പനിക്കകത്ത് പൂന്തോപ്പും പുൽത്തകിടിയും അടക്കം എല്ലാം വളരെ പച്ച നിറഞ്ഞതും പുറത്ത് വളരെ വരണ്ടതും ഊഷരവുമായിരുന്നു. അവർ ഞങ്ങൾക്ക് സുഭിക്ഷമായി ഭക്ഷണം നൽകുകയും പൂച്ചെണ്ടുകൾ സമ്മാനിക്കുകയും ഞങ്ങൾക്ക് മതിപ്പുണ്ടാക്കാൻ ശ്രമിക്കുകയും ഞാൻ നിർമ്മിക്കുന്ന സിനിമയിൽ രണ്ട് വശങ്ങളും ചിത്രീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

സംവിധായകർക്ക് ആരോഗ്യപരമായ കാരണങ്ങളാൽ ഞാൻ പ്ലാച്ചിമടയിൽ ഷൂട്ട് ചെയ്ത ഡോക്യുമെന്ററി പൂർത്തിയാക്കപ്പെടുകയോ എഡിറ്റിങ്ങിന് ക്രമീകരിക്കപ്പെടുകയോ ചെയ്തില്ല. പക്ഷേ പിന്നീട് ഞാൻ അറിഞ്ഞു, ശരത്ചന്ദ്രൻ തന്റെ പ്ലാച്ചിമടയെക്കുറിച്ചുള്ള സിനിമയിൽ എന്റെ ചില ഷോട്ടുകൾ ഉപയോഗപ്പെടുത്തുകയും എനിക്ക് ക്രഡിറ്റ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്ന്. ശരത്തിനോട് എനിക്ക് വളരെ നന്ദിയുണ്ട്. എന്റെ പങ്ക് വളരെ ചെറുതാണെങ്കിലും പ്ലാച്ചിമടയിലെ മഹത്തായ ജനകീയ സമരത്തിന് ഞാനും സഹായിക്കുന്നുവെന്ന തോന്നൽ ഇത് എനിക്കുണ്ടാക്കുന്നു.

രാഷ്ട്രീയ ഡോക്യുമെന്ററികൾ എന്ന വിഷയം എന്റെ പി.എച്ച്.ഡി. പഠനത്തിന് എടുത്തത് എന്തെന്ന് വച്ചാൽ (ഡോക്യുമെന്ററി) ഫിലിമുകൾ ആഗോളവത്ക്കരണം എന്ന പ്രതിഭാസത്തെ എങ്ങിനെനോക്കിക്കാണുന്നുവെന്നും ആഗോളവത്ക്കരണ വിരുദ്ധത അല്ലെങ്കിൽ ബദൽ ആഗോളവൽക്കരണത്തെ എങ്ങിനെ അത് അവതരിപ്പിക്കുന്നുവെന്നും മനസ്സിലാക്കുവാനാണ്. പി.എച്ച്.ഡി. തുടങ്ങുന്നതിന് ഞാൻ ചില ജോലികൾ ഞാൻ അതോടൊപ്പം ഏറ്റെടുക്കുകയും ചെയ്യുന്നു. ഇതുകൊണ്ട് എനിക്കാവശ്യമായ വരുമാനം കണ്ടെത്താനും ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ അറിയാനിടവരികയും ചെയ്യുന്നു. ഒരു ഫിലിം മേക്കർ എന്ന നിലയിൽ എന്റെ കടമയായി ഞാൻ കരുതുന്നത് ആളുകളെ അറിവുള്ളവരാക്കുക എന്നതാണ്. ഞാൻ ഫിലിം എടുക്കുന്നത് അതിന് വേണ്ടിയാണ്. പ്ലക്കാർഡുകളുമേന്തി തെരുവിലിറങ്ങുന്നതും പോലെ പ്രധാനമാണ് ഇതും എന്ന് ഞാൻ കരുതുന്നു.

pepespepes@gmail.com

**അറിയിപ്പ്**

വരിസംഖ്യ പുതുക്കി (240 രൂപ) എല്ലാ വായനക്കാരും കേരളീയത്തോട് സഹകരിക്കണമെന്ന് അപേക്ഷ.